**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1549** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കാലിക്കറ്റ് സർവ്വകലാശാലയിലെ കരാർ/ദിവസവേതന നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കാലിക്കറ്റ് സർവ്വകലാശാലയിൽ 1959-ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ടിന് വിരുദ്ധമായി കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതായി എ.ജി. ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സർവ്വകലാശാല കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാലിക്കറ്റ് സർവകലാശാല 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആക്ടിന് വിരുദ്ധമായി കരാർ / ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതായി സി & എ.ജി യുടെ മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (റിപ്പോർട്ട് നം:11 ഓഫ് 2025) കാലിക്കറ്റ് സർവകലാശാലയുമായി ബന്ധപ്പെട്ട അദ്ധ്യായം 2ൽ 2.8.4 എന്ന ഖണ്ഡികയിൽ (Recruitment of Contract /daily wage staff without complying with the Employment Exchange Act 1959) പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.

2024 വർഷത്തെ ഇതേ പ്രകാരമുള്ള ഓഡിറ്റ് പരാമർശം, 29.07.2026 തീയ്യതിയിലെ സിൻഡിക്കേറ്റ് 2026.495* പ്രകാരം പരിഗണിക്കുകയും, നിലവിലുള്ള തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ പിന്തുടരാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത സിൻഡിക്കേറ്റ് യോഗ തീരുമാനം 29.08.2026 തീയ്യതിയിലെ ഉത്തരവ് നമ്പർ 11970/2026/Admn സർവകലാശാലയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** കാലിക്കറ്റ് സർവ്വകലാശാലയിൽ കരാർ/ദിവസവേതന നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**